പി.എഫ് 1 (1) 40088/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം,
തീയതി - 29/09/2018

# സർക്കുലർ

സൂചന: സ.ഉ (അച്ചടി) നമ്പർ 151/2018/ഫിൻ തീയതി 26/09/2018

സൂചന സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് പി.എഫ് - ൽ നിന്നും 2018 സെപ്തംബർ മാസത്തെ ശമ്പളത്തിന് തുല്യമായ തുക ജി.പി.എഫ് കേരള റൂൾസ് 2011 - ലെ ചട്ടം 20 (2), 20 (3) പ്രകാരം നിലവിൽ തിരിച്ചടയ്ക്കേണ്ടാത്ത മുൻകൂറിന് (NRA) - യ്ക്ക് അപേക്ഷിക്കുവാൻ അർഹതയില്ലാത്ത ജീവനക്കാർക്കും (i.e 10 വർഷം പൂർത്തിയാകാത്ത ജീവനക്കാർക്ക്) തങ്ങളുടെ പി.എഫ്.അക്കൗണ്ടിൽ നിന്നും മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുവാൻ സർക്കാർ അനുമതി നൽകി ഉത്തരവായിരിക്കുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രൈവറ്റ് എയ്ഡഡ് കോളേജ് ജീവനക്കാർക്ക് കെ.പി.സി.എസ്സ്.പി.എഫ് അക്കൗണ്ടിൽ നിന്നും സൂചന സർക്കാർ ഉത്തരവു പ്രകാരം NRA - യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിക്കുന്നു. എന്നാൽ പ്രൈവറ്റ് എയ്ഡഡ് കോളേജ് ജീവനക്കാരുടെ പുതുതായി സർവ്വീസിൽ കയറിയവരുടെ ക്രഡിറ്റ് കാർഡ് വിതരണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ NRA - യ്ക്ക് അപേക്ഷ നൽകുവാൻ കഴിയുന്നില്ല എന്ന പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ക്രഡിറ്റ് കാർഡ് ലഭിക്കാത്ത പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ ജീവനക്കാർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു മാസത്തെ ശമ്പളം സംഭാവനയായി നൽകുന്നതിന് NRA അപേക്ഷിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. KPCS PF അംഗത്വം നേടിയ തീയതി മുതൽ ജീവനക്കാരൻ നിക്ഷേപിച്ചിട്ടുള്ള വരിസംഖ്യ, തിരിച്ചടവ്, അരിയർ തുകകൾ, പിൻവലിച്ചിട്ടുള്ള തുകകൾ സംബന്ധിച്ചുള്ള എ.ബി.സി.ഡി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അരിയർ നിക്ഷേപിച്ചതു സംബന്ധിച്ച് ഷെഡ്യൂളുകളും, NRA/TA എടുത്തതിന്റെ ഉത്തരവുകളും സഹിതം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയ്ക്ക് സമർപ്പിക്കേണ്ടതും, ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി പ്രകാരമുള്ള OB, IFMS – ൽ എൻട്രി ലെവലിൽ OB Provisional ആയി 2016 - 17 സാമ്പത്തിക വർഷം രേഖപ്പെടുത്തി അതനുസരിച്ച്



5159640
GOVERNMENT OF KERALA 2017-18

എൻ.ആർ.എ. അപേക്ഷ പ്രൊസസ്സ് ചെയ്ത് അനുമതിയ്ക്കുവേണ്ടി കോളേജ് വിദ്യാഭ്യാസഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. (ഇതിനായി എൻട്രി ലെവലിൽ - ഒ.ബി. പ്രൊവിഷണൽ - Add new – OB - 2015-16 (Provisional Option) - ൽ Select Employee – Opening Balance for year 2015 –16 (31/03/2015 വരെയുള്ള ഒ.ബി മാത്രമേ നൽകാവൂ.) – opening balance കൊടുത്ത് സേവ് ചെയ്യുക. ആയതിനുശേഷം ജീവനക്കാരന്റെ പേരിനു നേരെയുള്ള Enter ABCD - Click ചെയ്ത് – ABCD After last credit card up to 31/03/2016 window – ൽ 01/04/2015 മുതൽ 31/03/2016 വരെയുള്ള ഡീറ്റെയിൽസ് കൊടുത്ത് സേവ് ചെയ്യുക)

സർക്കാർ ഉത്തരവ് പ്രകാരം ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യാൻ തരുന്ന അപേക്ഷകർക്ക് ഗ്രോസ് സാലറിയ്ക്ക് സമാനമായ തുകയെ എൻ.ആർ.എ. ആയി അപേക്ഷിക്കുവാൻ പാടുള്ളൂ എന്ന വിവരം അറിയിക്കുന്നു.

വി.അശോക് കുമാർ
അക്കൗണ്ട്സ് ഓഫീസർ (പി.എഫ്)
കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

പകർപ്പ്- 1. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/ എറണാകുളം /തൃശ്ശൂർ/കോഴിക്കോട്.(എല്ല ാപ്രൈവറ്റ് എയ്ഡഡ് കോളേജുകളേയും അറിയിക്കുന്നതിനും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ എ,ബി,സി,ഡി സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട രേഖകൾ സഹിതം ഒത്തു നോക്കി ഒ.ബി.പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്)

2. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

3. പി.എഫ്. I,II,III. IV

4. കരുതൽ ഫയൽ

എസ്.ഒ 29/09/2016

5139645



GOVERNMENT OF KERALA 2017-18